## ക്രൈസ്തവവേദസന്ദേശം –താഴെ പറയുന്നവ വായിക്കുക:

*പൊതു 1:1* — *ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.*

റോമാ 3:23 — *എല്ലാവരും പാപം ചെയ്ത് ദൈവമഹത്വത്തിന് അയോഗ്യരായി.*

യോഹന്നാൻ 8:34 — *ദൈവം പ്രതിവചിച്ചു: സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്.*

ദൈവം നമ്മെ സൃഷ്ടിച്ചു എന്നാൽ നമുക്ക് അവനെ അറിയില്ല. നമ്മുടെ പാപപ്രകൃതത്താൽ അവനിൽ നിന്നും വേർപെട്ടു. ദൈവത്തോടു കൂടിയല്ലാത്ത നമ്മുടെ ജീവിതത്തിന് അർത്ഥവും ലക്ഷ്യവുമില്ല. പാപത്തിന്റെ ശമ്പളം ഭൗതികവും ആത്മീയവുമായ മരണമാണ്. ആത്മീയ മരണമെന്നാൽ ദൈവത്തിൽ നിന്നുള്ള വേർപാടാകുന്നു. ഭൗതികമരണമെന്നത് ശരീരത്തിന്റെ നാശമാണ്. നമ്മുടെ പാപഫലത്താൽ മരണപ്പെടുകയാണെങ്കിൽ നാം ആത്യന്തികമായി ദൈവത്തിൽ നിന്ന് വേർപെട്ട് മരണത്തിൽ ഒടുങ്ങും. എങ്ങനെ നമുക്ക് നമ്മളെ നമ്മുടെ പാപത്തിൽ നിന്നും രക്ഷിച്ച് ദൈവത്തിലേക്ക് തിരിച്ചുപോകാൻ കഴിയും? നമുക്ക് നമ്മെ രക്ഷിക്കാൻ കഴിയില്ല എന്തെന്നാൽ പാപിയായ മനുഷ്യന് അവനാൽ അതിൽ നിന്നും രക്ഷനേടാൻ കഴിയില്ല. (മുങ്ങിത്താണുകൊണ്ടിരിക്കുന്നവന് സ്വയം രക്ഷപെടാൻ കഴിയാത്തതുപോലെ) എല്ലാവരും പാപികളായതിനാൽ മറ്റുള്ളവർക്കും രക്ഷിക്കാൻ സാധിക്കില്ല. (മുങ്ങിത്താഴുന്ന ഒരുവന് മുങ്ങിത്താഴുന്ന മറ്റൊരുവനെ രക്ഷിക്കാൻ സാധിക്കില്ല, രണ്ടാൾക്കും സഹായം ആവശ്യമാണ്.) നമുക്ക് നമ്മുടെ പാപത്തിൽ നിന്നും രക്ഷനേടാൻ പാപമില്ലാത്ത ഒരുവനെ ആവശ്യമാണ്. പാപമില്ലാത്ത ഒരുവനു മാത്രമേ നമ്മെ രക്ഷിക്കാൻ കഴിയൂ. തിന്മനിറഞ്ഞ ഒരു ലോകത്തിൽ അവിടെ എല്ലാവരും പാപികളായിരിക്കെ പാപമില്ലാത്ത ഒരുവനെ എങ്ങനെ കണ്ടുപിടിക്കാം?

*റോമാ 6:23* — *ദൈവത്തിന്റെ ദാനമാകട്ടെ, നമ്മുടെ കർത്താവായ യേശുവഴിയുള്ള നിത്യജീവനും.*

*യോഹന്നാൻ 3:16* — *എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ*

Copyright © www.gospel.net

| | |
|---|---|
| | *നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.* |
| *മത്താ 1:23* | *ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ മുഖേന അരുളിച്ചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്.* |
| *യോഹന്നാൻ 8:23* | *അവൻ പറഞ്ഞു: നിങ്ങൾ താഴെ നിന്നുള്ളവരാണ്; ഞാൻ മുകളിൽ നിന്നുള്ളവനും. നിങ്ങൾ ഈ ലോകത്തിന്റേതാണ്; ഞാൻ ഈ ലോകത്തിന്റതല്ല.* |
| *മാർക്കോസ് 1:11* | *സ്വർഗത്തിൽ നിന്ന് ഒരു സ്വരമുണ്ടായി: നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു* |
| *യോഹന്നാൻ 8:36* | *അതുകൊണ്ട് പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും.* |
| *യോഹന്നാൻ 3:3* | *യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു, വീണ്ടും ജനിക്കുന്നില്ലെങ്കിൽ ഒരുവന് ദൈവരാജ്യം കാണാൻ കഴിയുകയില്ല.* |
| *യോഹന്നാൻ 1:12* | *തന്നെ സ്വീകരിച്ചവർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി.* |

ദൈവം, നമ്മെ സൃഷ്ടിക്കുകയും അതിയായി സ്നേഹിക്കുകയും, അത് തെളിയിക്കുകയും ചെയ്തു. നമ്മുടെ പാപത്തിനുവേണ്ടി മരിക്കാൻ ദൈവം അവന്റെ പുത്രനെ, യേശുവിനെ, നമ്മോടുള്ള അഗാധസ്നേഹത്താൽ ഇങ്ങോട്ട് അയച്ചു. ക്രിസ്തു പാപിയല്ല എന്തെന്നാൽ അവൻ ആ ലോകത്തിൽ നിന്നും വന്നതല്ല, ഭൂമിയിലായിരിക്കുമ്പോൾ പാപം ചെയ്യുവാനുള്ള പിശാചിന്റെ പ്രചോദനത്തെ മറികടക്കാനാകും. ദൈവം സ്വർഗത്തിലാകുമ്പോൾ അവന്റെ ജീവിതം പ്രസന്നമായി. യേശു നമ്മുടെ പാപം ഏറ്റെടുക്കുകയും നമ്മുടെ പാപത്തെ മറികടക്കാനായി മരിക്കുകയും ചെയ്തു. അവൻ നമ്മുടെ ജീവന്റെ രക്ഷകനാണ്.(യേശുവിന് നമ്മെ രക്ഷിക്കാൻ കഴിയും എന്തെന്നാൽ അവൻ മുങ്ങിത്താഴുന്നില്ല) നമ്മുടെ പാപങ്ങൾക്ക് വിലകൊടുക്കുക എന്നതാണ് യേശുവിന്റെ കുരിശുമരണത്തിന്റെ ലക്ഷ്യം. അതിനാൽ നമ്മെ നമ്മുടെ പാപത്തിൽ നിന്നും മുക്തരാക്കുകയും പൊട്ടിപ്പോയ നമ്മുടെ ദൈവവുമായുള്ള ബന്ധത്തെ തിരികെ തരുകയും ചെയ്യുന്നു. ദൈവത്തിന്റെ

ശക്തിയിലൂടെ നമ്മൾ ആത്മീയമരണത്തിൽ നിന്നു വീണ്ടും ജനിക്കുന്നു. ഈ പുതിയബന്ധത്തെ പുനർജനനം എന്നു വിളിക്കുന്നു. ഇത് നമ്മുടെ സൃഷ്ടിയുടെ ലക്ഷ്യവും നിലനിൽപും നമുക്ക് തിരികെ തരുകയും ജീവിതത്തിന്റെ യഥാർത്ഥ അർത്ഥവും ഉദ്ദേശവും നൽകുകയും ചെയ്യുന്നു.

| | |
|---|---|
| *യോഹന്നാൻ 11:25* | *യേശു അവളോട് പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.* |
| *റോമാ 6:9* | *മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്ത ക്രിസ്തു ഇനി ഒരിക്കലും മരിക്കുകയില്ലെന്ന് നമുക്കറിയാം. മരണത്തിന് ഇനി അവന്റെമേൽ അധികാരമില്ല.* |
| *അപ്പ. പ്രവർത്തനങ്ങൾ 2:24* | *എന്നാൽ ദൈവം അവനെ മൃത്യുപാശത്തിൽ നിന്നും വിമുക്തനാക്കി ഉയിർപ്പിച്ചു. കാരണം, അവൻ മരണത്തിന്റെ പിടിയിൽ കഴിയുക അസാധ്യമായിരുന്നു.* |
| *റോമാ 14:9* | *എന്തെന്നാൽ, മരിച്ചവരുടെയും ജീവിക്കുന്നവരുടെയും കർത്താവാകുന്നതിനുവേണ്ടിയാണ് ക്രിസ്തു മരിച്ചതും പുനർജീവിച്ചതും.* |
| *അപ്പ. പ്രവർത്തനങ്ങൾ 1:11* | *പറഞ്ഞു: അല്ലയോ ഗലീലിയരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നതെന്ത്? നിങ്ങളിൽ നിന്ന് സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ട യേശു, സ്വർഗത്തിലേക്ക് പോകുന്നതായി നിങ്ങൾ കണ്ടതുപോലെ തന്നെ തിരിച്ചുവരും.* |

നമ്മുടെ പാപത്തിനാൽ മരിച്ചയേശുവിന്റെ ത്യാഗം സ്വർഗത്തിലുള്ള ദൈവം സ്വീകരിച്ചതിന് എന്താണ് തെളിവ്? ദൈവത്താൽ മരണത്തിൽ നിന്നുമുള്ള യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പാണ് തെളിവ്. ഉയിർത്തെഴുന്നേൽപ്പിനാൽ യേശു മരണത്തെ തരണം ചെയ്തു എന്ന് വെളിവാക്കപ്പെട്ടു (അല്ലെങ്കിൽ, മറ്റൊരുതരത്തിൽ, മരണം അവനു മുകളിൽ ശക്തമായില്ല.) ഇപ്പോൾ, അതിനാൽ, എന്തുകൊണ്ടെന്നാൽ, യേശു ജീവിക്കുന്നു, നമുക്കും ജീവിക്കാം. അവന്റെ ജീവിതം നമ്മുക്ക് നമ്മുടെ ജീവിതം തരുന്നു. കൂടാതെ, എന്തുകൊണ്ടെന്നാൽ അവൻ പുനർജനിച്ചു, അവൻ ഇന്നും ജീവിക്കുന്നു.

Gospel.net
Gospel of Jesus Christ

| | |
|---|---|
| യോഹന്നാൻ 5:24 | സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവന് ശിക്ഷാവിധിയുണ്ടാകുന്നില്ല പ്രത്യുത, അവൻ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു. |
| യോഹന്നാൻ 10:9 | ഞാനാണ് വാതിൽ; എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും. അവൻ അകത്ത് വരികയും പുറത്ത് പോകുകയും മേച്ചിൽ സ്ഥലം കണ്ടെത്തുകയും ചെയ്യും. |
| യോഹന്നാൻ 14:6 | യേശു പറഞ്ഞു: വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല. |
| യോഹന്നാൻ 8:24 | നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്ന് ഞാൻ നിങ്ങളോട് പറഞ്ഞു. എന്തെന്നാൽ ഞാൻ ഞാൻതന്നെ എന്നു വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും. |
| അപ്പ. പ്രവർത്തനങ്ങൾ 4:12 | ആകാശത്തിനു കീഴേ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല. |
| റോമാ 10:13 | എന്തെന്നാൽ കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരും രക്ഷ പ്രാപിക്കും. |
| റോമാ 10:11 | അവനിൽ വിശ്വസിക്കുന്ന ഒരുവനും ലജ്ജിക്കേണ്ടി വരുകയില്ല എന്നാണല്ലോ വിശുദ്ധഗ്രന്ഥം പറയുന്നത്. |
| റോമാ 2:11 | എന്തെന്നാൽ ദൈവസന്നിധിയിൽ മുഖംനോട്ടം ഇല്ല. |
| റോമാ 3:22 | ഈ ദൈവനീതി, വിശ്വസിക്കുന്ന എല്ലാവർക്കും, ആരെന്നുള്ള വ്യത്യാസം കൂടാതെ യേശുക്രിസ്തു വഴി ലഭിക്കുന്നതാണ്. |
| റോമാ 10:9 | ആകയാൽ, യേശു കർത്താവാണ് എന്ന് അധരം കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും. |

നമ്മുടെ പാപത്തെ മാറ്റി പുതിയ ജീവിതം നമുക്കെങ്ങനെ സ്വീകരിക്കാം? നമ്മുടെ രക്ഷകനും പ്രഭുവും യേശുവിലുള്ള നമ്മുടെ വിശ്വാസമാണ്. നമ്മെ രക്ഷിക്കാനും പൊറുക്കാനും നമ്മുടെ പാപം നിറഞ്ഞ വഴികൾക്കായി ക്ഷമയാചിക്കാനും വേണ്ടി വിളിക്കുകയാണെങ്കിൽ, അവൻ അത് ചെയ്യും. യേശു ദൈവപുത്രനാണ്, അവൻ ലോകത്തിൽ വന്നത് നമ്മുടെ പാപങ്ങൾക്കു വേണ്ടി മരിക്കാനാണ്. ഭൂമിയിലുള്ള ഒരുവൻ അവന്റെ വിശ്വാസം ദൈവത്തിൽ അർപ്പിക്കുകയാണെങ്കിൽ ദൈവത്തിൽ നിന്നും ദയ കിട്ടും. പാപങ്ങളിൽ (നരകം) നിന്നും രക്ഷ നേടുകയും ദൈവത്തിൽ നിന്നും പുതിയ ജീവിതം സ്വീകരിക്കുകയും ചെയ്യാം. ദൈവം പക്ഷപാതം കാണിക്കുന്നില്ല. അവനെ ബാധിക്കുന്നില്ല- നമ്മൾ ജീവിക്കുന്ന പ്രദേശം, നാം സംസാരിക്കുന്ന ഭാഷ, പാവപ്പെട്ടവനോ പണക്കാരനോ, ആണോ പെണ്ണോ, ചെറുപ്പക്കാരനോ വയസ്സനോ, അല്ലെങ്കിൽ മറ്റേതെങ്കിലും ഭൗതികവ്യത്യാസങ്ങളോ. യേശു രക്ഷിക്കുമെന്ന് എല്ലാവരും വിശ്വസിക്കുകയും സ്മരിക്കുകയും ചെയ്യുന്നു. യേശുവിനെ പിൻതുടരാൻ നിങ്ങൾ തീർച്ചപ്പെടുത്തുന്നുവെങ്കിൽ നിങ്ങൾ തീർച്ചയായും താഴെ പറയുന്ന പ്രാർത്ഥന ചൊല്ലണം:

സ്വർഗസ്ഥനായ ദൈവമേ, എന്റെ പാപങ്ങളാൽ മരിക്കാനും ഞാൻ രക്ഷപെടാനും സ്വർഗത്തിൽ നിന്നും പുതിയ ജീവിതം ലഭിക്കുന്നതിനും താങ്കളുടെ ഏകപുത്രൻ, യേശുവിനെ ഞങ്ങൾക്കുവേണ്ടി അയച്ചതിന് നന്ദിയുണ്ട്. എന്റെ വഴികളും എന്റെ പാപങ്ങൾ പൊറുക്കണമേയെന്ന് ചോദിക്കുവാനും ഞാൻ ക്ഷമ പറയുന്നു. ഞാൻ ദൈവത്തിൽ വിശ്വസിക്കുകയും എന്റെ പ്രഭുവും രക്ഷകനുമായി യേശുവിനെ സ്വീകരിക്കുകയും ചെയ്യുന്നു. ഈ പുതിയ ജീവിതം നീ തന്നതാണ്, നിന്റെ കൃപയാലുള്ള ഈ ജീവിത്തിൽ എന്നെ സഹായിക്കൂ വഴിനടത്തൂ. ആമേൻ.

നിങ്ങൾ മേൽ പറഞ്ഞ പ്രാർത്ഥന ചെയ്തുവെങ്കിൽ നിങ്ങൾക്ക് പോകാൻ ഒരു പള്ളി കാണിക്കൂവെന്ന് ദൈവത്തോട് പറയൂ. നിത്യവും പ്രാർത്ഥനയിൽ ദൈവത്തോട് പറഞ്ഞാൽ ദൈവം നിങ്ങളോട് സംസാരിക്കും. ദൈവത്തിന്റെ ശബ്ദം ശ്രദ്ധിക്കൂ. ദൈവം നിങ്ങളെ വഴി നടത്തും. അവൻ നിന്നെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യും. നിനക്ക് അവനിൽ വിശ്വസിക്കാം. അവനിൽ വിശ്വസിക്കുന്ന ആരും തോറ്റുപോകുകയില്ല. ദൈവം

Copyright © www.gospel.net

നല്ലവനാണ്. അവനിൽ വിശ്വസിക്കാം. നിങ്ങളുടെ ജീവിതത്തിന് നിങ്ങൾക്ക് അവനെ ആശ്രയിക്കാം. നിങ്ങളുടെ ആവശ്യങ്ങൾ അവനു മുന്നിൽ കൊണ്ടുവരിക. അവൻ നിങ്ങളെ സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. ദൈവം പറഞ്ഞു, ഞാൻ നിന്നിൽ നിന്നും ഓടിപ്പോവുകയും നിന്നെ ഉപേക്ഷിക്കുകയും ഇല്ല. ദൈവത്തിൽ വിശ്വസിക്കൂ. യേശുവിനാൽ അനുഗ്രഹം നേടാം.

ബൈബിൾ നിത്യവും വായിക്കുക, യോഹന്നാന്റെ പുസ്തകത്തിന്റെ തുടക്കം മുതൽ. കൂടുതൽ ഇന്റർനെറ്റ് വസ്തുതകൾക്കായി, ഇവിടെ ക്ലിക്ക് ചെയ്യൂ.